**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജലവിഭവങ്ങളുടെ പരിപാലനത്തിനും വികസനത്തിനുമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലവിഭവങ്ങളുടെ പരിപാലനത്തിനും വികസനത്തിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും വേണ്ടി കാര്യക്ഷമമായ ഡാറ്റാ മാനേജ്മെന്റ് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ ജലവിഭവങ്ങളുടെ പരിപാലനത്തിനും വികസനത്തിനുമുള്ള പദ്ധതികളുടെ മേൽനോട്ടത്തിനും കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും നിലവിൽ *'PASK' (Project Status Alert System of KWA)* സോഫ്റ്റ്വെയർ ഉപയോഗിച്ചുവരുന്നു. വിവിധ സ്കീമുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഏകോപനത്തിനും കാര്യക്ഷമമായ പദ്ധതി ആസൂത്രണത്തിനും വേണ്ടി 'ജൽ ജീവൻ മിഷൻ' പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പുതിയ മാനേജ്മെന്റ് ഡാറ്റാ സംവിധാനം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. കൂടാതെ ജലസേചന വകുപ്പിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് വിവിധ നദികൾ/ പുഴകൾ തുടങ്ങിയവയിൽ നിന്നുമുള്ള ജല അതോറിറ്റിയുടെ ഉപഭോഗം കണക്കാക്കി വിവരങ്ങൾ യഥാസമയം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറുന്നുണ്ട്.<br><br>ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിഭവ ആസൂത്രണവും നിരീക്ഷണവും സാധ്യമാക്കുന്നതിനു ലക്ഷ്യമിട്ടിട്ടുള്ള "കേരള വാട്ടർ റിസോഴ്സ്സ് ഇൻഫർമേഷൻ സിസ്റ്റം" (KWRIS) ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) മുഖാന്തിരം നടപ്പിലാക്കിവരുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ICFOSS (International Centre for Free and Open Source Solutions), Kerala State IT Mission എന്നിവരുടെ സാങ്കേതിക സഹായത്തോടെ ഓപ്പൺസ്ട്രീറ്റ് സങ്കേതം പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ നീർച്ചാലുകൾ രേഖപെടുത്തുവാനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഒപ്പം കേരളത്തിലെ 15 ബ്ലോക്കുകളുടെയും, 94 ഗ്രാമ പഞ്ചായത്തുകളുടെയും ജല ബഡ്ജറ്റിംഗ് (ഒരു നദീതടത്തിലോ/ നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന ജലവും, ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ജല ബഡ്ജറ്റിംഗ് നടത്തിയ ബ്ലോക്കുകളുടെയും, പഞ്ചായത്തുകളുടെയും ജല കമ്മി മനസ്സിലാക്കി നീരുറവ മാസ്റ്റർ പ്ലാനിലെ പദ്ധതികൾ, ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച, വെള്ളപ്പൊക്കം എന്നിവയെ നേരിടുന്നതിന് കൃഷി, ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.<br><br>ഭൂജല വകുപ്പിലെ എല്ലാ ജില്ലാ ഓഫീസുകളിലേയും ഡാറ്റാ സെന്ററുകളിൽ മാനേജ്മെന്റ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂജലവിതാനം, ആയതിന്റെ ഗുണനിലവാരം എന്നിവയെ കുറിച്ചുള്ള ദീർഘകാലത്തെ ഡാറ്റ ലഭ്യമാണ്. |
| (ബി) | ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും കാരണം ജലവിഭവങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങൾ സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് അതികഠിനമായ ചൂട് നിലനിൽക്കുകയും ആയത് വർദ്ധിക്കുകയും ശുദ്ധജല ലഭ്യത കുറവുണ്ടാവുകയും ചെയ്യുന്ന സാഹചര്യം സംജാതമായാൽ അതിനെ നേരിടുന്നതിനായി ശുദ്ധജല ലഭ്യതയുടെ പ്രധാന സ്രോതസ്സായ നദികളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് പ്രതിരോധിക്കുക, അനധികൃത ജലമൂറ്റ് നിയന്ത്രിക്കുക, നദീതടങ്ങളിലെ ഉപരിതല ജലസംഭരണികളായ കുളങ്ങൾ / ചിറകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, തോടുകളിലെ ചെളി / എക്കൽ / മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക, ചെറുതടയണകൾ / വി.സി.ബി കൾ എന്നിവ നിർമ്മിക്കുകയും പുതുക്കി പണിയുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം കാർഷിക / കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ജല ഉപയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതുവഴി അനാവശ്യമായ ജലം ഉപയോഗിക്കുന്നത് കുറയുന്നു. |

ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും കാരണം ഭൂജലവിഭവത്തെ ഗുരുതരമായി ബാധിക്കാതിരിക്കാൻ 'ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തു ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ ഭൂജല സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ജലം ഡാമുകളിൽ സംഭരിക്കുവാനായി നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ പുഴകൾക്കു കുറുകെ താല്ക്കാലിക/സ്ഥിരം തടയണകൾ നിർമ്മിച്ചും പമ്പ് ഹൗസുകളിലെ പമ്പിംഗ് സമയം കൂട്ടിയും വേനലിൽ ജലലഭ്യത ഉറപ്പാക്കിവരുന്നു. 'ജൽജീവൻ മിഷൻ' എന്ന ബൃഹത്പദ്ധതിയുടെ ഭാഗമായി ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ട് ഏജൻസികൾ മുഖേന ജലസംരക്ഷണത്തെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളിലെ വിവിധ മേഖലകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ മഴവെള്ള സംഭരണത്തിന്റെയും ജല പരിപോഷണത്തിന്റെയും ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ചുവരെഴുത്തുകൾ, പോസ്റ്ററു കൾ എന്നിവയും ചെയ്തുവരുന്നു.

“ജലനിധി” പദ്ധതിയിൽ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാനും ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും കാരണം ജലവിഭവങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങൾ ഗുരുതരമായി ബാധിക്കാതിരിക്കുവാനും സഹായിച്ചിട്ടുണ്ട്._

ഇതിനു പുറമെ 2023-24 സാമ്പത്തിക വർഷം മുതൽ ഗ്രേവാട്ടർ (അഴുക്കുവെള്ളം) ശുദ്ധീകരിച്ച് പുനരുപയോഗത്തിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു;

നൂൽപ്പുഴ (ട്രൈബൽ ഹോസ്റ്റൽ)- (വയനാട് ജില്ല) – പൂർത്തീകരിച്ചു .

എടവക (ട്രൈബൽ ഹോസ്റ്റൽ), (വയനാട് ജില്ല) – പൂർത്തീകരിച്ചു.

മറയൂർ - വ്യക്തിഗത കുടുംബങ്ങൾ (ഇടുക്കി ജില്ല) - പൂർത്തീകരിച്ചു.

താലൂക്ക് ഹോസ്പിറ്റൽ (ഇടുക്കി ജില്ല)- പ്രവർത്തനം നടപ്പിലാക്കി വരുന്നു.

ആയുർവേദ ഹോസ്പിറ്റൽ (കട്ടപ്പന)- (ഇടുക്കി ജില്ല) - പ്രവർത്തനം നടപ്പിലാക്കി വരുന്നു .

കില (കൊട്ടാരക്കര)- (കൊല്ലം ജില്ല) – പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ബേപ്പൂർ (കോഴിക്കോട് ജില്ല) - കോളനികൾ/ വ്യക്തിഗത കുടുംബങ്ങൾ – നടപടികൾ പ്രാരംഭ ഘട്ടത്തിൽ.

ജലവിഭവ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനവും ജലസേചന വകുപ്പിന്റെയും ടൂറിസം വകുപ്പിന്റെയും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുമായ (എസ്.പി.വി) കേരള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC) കിഫ്ബി സഹായത്തോടെ ജലസേചന മേഖലയിൽ ചുവടെകൊടുത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

എറണാകുളം ജില്ലയിലെ ചെല്ലാനത്തും ആലപ്പുഴ ജില്ലയിലെ വിവിധ തീരദേശ പ്രദേശങ്ങളിലേയും തീരദേശ സംരക്ഷണ പദ്ധതി.

സംസ്ഥാനത്തെ വിവിധ നദികളിലായി 13 റെഗുലേറ്റർ / റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ നിർമ്മാണ പദ്ധതി.

ഇടുക്കി ജില്ലയിലെ കാമാക്ഷി, വണ്ടൻമേട്, കോഴിക്കോട് ജില്ലയിലെ മുക്കം-കാഞ്ഞിരമുഴി, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, എറണാകുളം ജില്ലയിലെ തിരുമാറാടി, പത്തനംതിട്ട ജില്ലയിലെ സീതത്തോട് തുടങ്ങിയ മൈക്രോ ഇറിഗേഷൻ പദ്ധതികൾ.

പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശത്ത് മൂലത്തറ വലതു കനാൽ ദീർഘിപ്പിക്കൽ പദ്ധതി (കോരയാർ മുതൽ വരട്ടയാർ വരെ). ആലപ്പുഴ കനാൽ

| | | | |
|---|---|---|---|
| | | | നവീകരണ പദ്ധതി. പാലക്കാട് ജില്ലയിലെ ചുള്ളിയാർ ഡാം ഡീസിൽറ്റേഷൻ പദ്ധതി,<br><br>തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാം ഡീസിൽറ്റേഷൻ പദ്ധതി.<br><br>വിശദവിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) | തീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ഫലമായി ഭാവിയിൽ സംസ്ഥാനം നേരിടുവാനിടയുള്ള പ്രധാന വെല്ലുവിളികൾ എന്തൊക്കെയെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ആഗോള താപനത്തിന്റെ ഭാഗമായി വളരെ കുറഞ്ഞ കാലയളവിൽ അതിവൃഷ്ടിയും ദീർഘകാലം നീണ്ടു നിൽക്കുന്ന വേനലും വരൾച്ചയും ഏറിയും കുറഞ്ഞും പ്രാദേശികമായി അനുഭവപ്പെടുന്നുണ്ട്. ആഗോള താപന വർദ്ധനയ്ക്ക് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ ഉദ്വമനം 'നെറ്റ് സീറോ' എന്ന നിലയിൽ 2070 ൽ കുറച്ചുകൊണ്ടുവരിക എന്നതാണ് ഇന്ത്യയുടെ ലക്ഷ്യം. കേരളം ഈ ലക്ഷ്യം 2050 ൽ കൈവരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിവൃഷ്ടി സംബന്ധിച്ച വിവരങ്ങളും അതനുഭവപ്പെടുന്ന കാലയളവും മലസ്സിലാക്കിക്കൊണ്ട് ആ സമയത്ത് സ്വീകരിക്കേണ്ട മുൻകരുതലുകൾ, വരൾച്ച അനുഭവപ്പെടുന്ന കാലത്തേയ്ക്ക് ജലസംഭരണം എങ്ങനെ സാധ്യമാക്കാം, വേനൽ മഴയിൽ നിന്നും ലഭിക്കുന്ന ജലം എത്രത്തോളം ശേഖരിക്കാനാകും എന്നിവ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാനാകും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. **തീരദേശ സംരക്ഷണം**

ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള പുലിമുട്ടുകളും കടൽഭിത്തിയുമാണ് നിർമ്മിക്കുന്നത്. പദ്ധതി പ്രവൃത്തികളായ കടൽ ഭിത്തിയുടെയും, പുലിമുട്ടുകളുടെയും ഡിസൈൻ ഐ.ഐ.ടി. മദ്രാസ്, നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) എന്നിവയിൽ നിന്നും ലഭ്യമാക്കിയാണ് നിർമ്മാണം നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ വിവരം ചുവടെ നൽകുന്നു.

i. **കിഫ്ബി - എറണാകുളം ജില്ലയിലെ ചെല്ലാനത്ത് സി.പി. 976 നും സി.പി. 1052 നും ഇടയിൽ 10 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണം - ഒന്നാം ഘട്ടം - സി.പി. 986 നും സി.പി. 1026 നും ഇടയിൽ 7.35 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം**

ചെല്ലാനം പ്രദേശത്തെ രൂക്ഷമായ കടലാക്രമണം നേരിടുന്ന 7.3 കിലോമീറ്റർ ദൂരം വരുന്ന തീരപ്രദേശത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ടെട്രാപോഡ്, കരിങ്കല്ല് എന്നിവ ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ രൂപകൽപ്പന ചെന്നൈ ആസ്ഥാനമായ നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയാണ് ഒന്നാം ഘട്ടം നടപ്പിലാക്കിയത്.

| | |
|---|---|
| **ഭരണാനുമതി / സാമ്പത്തിക അനുമതി തുക** | ₹ 3,62,64,63,312.00 |
| **അടങ്കൽ തുക** | ₹ 3,07,32,73,993.00 (ജി.എസ്.ടി. ഒഴികെ) |
| **ഘടകങ്ങൾ** | കടൽഭിത്തി (6.64 കിലോമീറ്റർ നീളം)<br>ബസാർ പുലിമുട്ടുകൾ (6 എണ്ണം) (660 മീറ്റർ)<br>നടപ്പാത (6.64 കിലോമീറ്റർ നീളം) |
| **ഭൗതിക പുരോഗതി** | 100% (പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്) |

ii. **അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ 3.60 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ **(**Ch.**77.34** km to Ch.**82.74** km) **3.**60 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള **30** പുലിമുട്ടുകളുടെയും **30** മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും നിർമ്മാണം**.**

| | |
|---|---|
| **അടങ്കൽ തുക** | ₹ 69,19,80,121.00 |
| **നിയോജകമണ്ഡലം** | അമ്പലപ്പുഴ |

**<u>നിലവിലെ സ്ഥിതി:</u>**

| സ്ഥലം | **നീളം (കി.മി)** | **പുലിമുട്ടുകളുടെ എണ്ണം** | **പൂർണ്ണമായും പൂർത്തീകരിച്ചവ** | **പുരോഗമിച്ചു വരുന്നവ** | **പുരോഗതി** |
|---|---|---|---|---|---|
| അമ്പലപ്പുഴ | 3.60 | 30 | 27 | 3 | 96% |

iii. **ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ 1.20 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള 21 പുലിമുട്ടുകളും 40 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 42,75,52,031.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

നിലവിലെ സ്ഥിതി:

| സ്ഥലം | **നീളം (കി.മി)** | **പുലിമുട്ടുകളുടെ എണ്ണം** | **പൂർണ്ണമായും പൂർത്തീകരിച്ചവ** | പുരോഗമിച്ചു വരുന്നവ | പുരോഗതി |
|---|---|---|---|---|---|
| ആറാട്ടുപുഴ | 1.20 | 21 | 20 | 1 | 98% |

iv. **ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ 1.80 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.**53.4** km to Ch.**55.2** km) **1.80** കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള **16** പുലിമുട്ടുകളുടെ നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 43,05,22,756.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

നിലവിലെ സ്ഥിതി:

| സ്ഥലം | **നീളം (കി.മി)** | **പുലിമുട്ടുകളുടെ എണ്ണം** | **പൂർണ്ണമായും പൂർത്തീകരിച്ചവ** | പുരോഗമിച്ചു വരുന്നവ | പുരോഗതി |
|---|---|---|---|---|---|
| വട്ടച്ചാൽ | 1.80 | 16 | 16 | – | 100% |

v. **ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.**

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.**60.1** km to Ch.**61.6** km) **1.50** കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള **13** പുലിമുട്ടുകളുടെ നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 30,35,37,349.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

**നിലവിലെ സ്ഥിതി:**

| സ്ഥലം | നീളം (കി.മി) | പുലിമുട്ടുകളുടെ എണ്ണം | പൂർണ്ണമായും പൂർത്തീകരിച്ചവ | പുരോഗമിച്ചു വരുന്നവ | പുരോഗതി |
|---|---|---|---|---|---|
| പതിയാങ്കര | 1.50 | 13 | 13 | – | 100% |

vi. **ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ 3.16 കിലോമീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി.**

ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.**168.465** km to Ch.**171.627** km) **3.16** കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള **34** പുലിമുട്ടുകളുടെ നിർമ്മാണം.

| | |
|---|---|
| അടങ്കൽ തുക | ₹ 72,64,37,834.00 |
| നിയോജകമണ്ഡലം | ഹരിപ്പാട് |

**നിലവിലെ സ്ഥിതി:**

| സ്ഥലം | നീളം (കി.മി) | പുലിമുട്ടുകളുടെ എണ്ണം | പൂർണ്ണമായും പൂർത്തീകരിച്ചവ | പുരോഗമിച്ചു വരുന്നവ | പുരോഗതി |
|---|---|---|---|---|---|
| കാട്ടൂർ | 3.16 | 34 | 33 | 1 | 99% |

vii. **ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി**

കിഫ്ബിയിൽ നിന്ന് ₹78.34 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച ഈ പദ്ധതിയിൽ ടെട്രാപോഡുകൾ ഉപയോഗിച്ച് നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ 3 പുലിമുട്ടുകൾ, കാക്കാഴം ഭാഗത്ത് 1800 മീറ്റർ നീളത്തിൽ 8 പുലിമുട്ടുകൾ, കാട്ടൂർ – പൊള്ളത്തൈ ഭാഗത്ത് 1180 മീറ്റർ നീളത്തിൽ 9 പുലിമുട്ടുകൾ, ഒറ്റമശ്ശേരി ഭാഗത്ത് 960 മീറ്റർ നീളത്തിൽ 7 പുലിമുട്ടുകൾ എന്നിവ ഉൾപ്പെടുന്നു. ഐ.ഐ.ടി.യെ കൊണ്ടു പഠനം നടത്തി, അവർ നൽകിയ ഡിസൈൻ അനുസരിച്ചു ടി പ്രവർത്തി ടെൻഡർ ചെയുകയും, കരാർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തി ആരംഭിക്കുന്നതിനു മുൻപായി നടത്തിയ ബാത്തിമെട്രി പരിശോധനയിൽ ആഴത്തിൽ വ്യതിയാനം കണ്ടെത്തിയതിനാൽ കിഫ്ബിയുടെ നിർദ്ദേശാനുസാരണം വീണ്ടും ഐ.ഐ.ടി.യെ കൊണ്ടു പഠനം നടത്തുകയും, പുതിയ ഡിസൈൻ ആവശ്യപ്പെടുകയുണ്ടായി. പുതിയ ഡിസൈൻ അനുസരിച്ചു നെല്ലാനിക്കൽ ഭാഗത്ത് 4 പുലിമുട്ടുകൾ, കാക്കാഴം ഭാഗത്ത് 19 ചെറിയ പുലിമുട്ടുകൾ, കാട്ടൂർ – പൊള്ളത്തൈ ഭാഗത്ത് 9 പുലിമുട്ടുകൾ, ഒറ്റമശ്ശേരി ഭാഗത്ത് 9 പുലിമുട്ടുകൾ ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 911/2024/ജവിവ തീയതി 02.12.2024 പ്രകാരം ₹107.75 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്.

viii. **കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട് തീരദേശ സംരക്ഷണ പദ്ധതി**

ജലസേചന വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട് തീരദേശ സംരക്ഷണ പദ്ധതിയ്ക്ക് ₹172.50 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ കിഫ്ബി മാനദണ്ഡ പ്രകാരമുള്ള ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി. കിഫബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. അംഗീകരിക്കുന്നതിന് വേണ്ടി ഹോട്ട്സ്പോട്ടായി പരിഗണിക്കേണ്ട പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം നേടണം എന്ന് കിഫ്ബി നിർദേശിച്ചു. തുടർന്ന് മന്ത്രിസഭാ തീരുമാനത്തിനായുള്ള കുറിപ്പ് കെ.ഐ.ഐ.ഡി.സി. 14.06.2023-ന് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഡി.പി.ആർ. കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയിലാണ്. പദ്ധതിയുടെ ഡി.പി.ആറിന് കിഫ്ബി ബോർഡ് അംഗീകാരം ലഭിക്കേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ചാലുടൻ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ix. **തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ – കൊല്ലംകോട് തീരദേശ സംരക്ഷണ പദ്ധതി**

പ്രസ്തുത പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1150/2022/ജവിവ തീയതി 24.12.2022 പ്രകാരം ₹51 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകുകയും, കെ.ഐ.ഐ.ഡി.സി. കിഫ്ബി മാനദണ്ഡ പ്രകാരവും, 2018 ഡി.ആസ്.ആർ., കല്ലുകളുടെ പുതുക്കിയ നിരക്കിന്റെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി (₹57 കോടി രൂപ) പരിഷ്കരിച്ച ഡി.പി.ആർ. സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. അംഗീകരിക്കുന്നതിന് വേണ്ടി ഹോട്ട്സ്പോട്ടായി പരിഗണിക്കേണ്ട പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം നേടണം എന്ന് കിഫ്ബി നിർദേശിച്ചു. തുടർന്ന് മന്ത്രിസഭാ തീരുമാനത്തിനായുള്ള കുറിപ്പ് കെ.ഐ.ഐ.ഡി.സി. 14.06.2023-ന് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യുടെ നേതൃത്വത്തിൽ **03.01.2025-**ന് കിഫ്ബിയിൽ യോഗം ചേരുകയും, യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സി.എം.ഡി.യുമായി ചർച്ച ചെയ്ത് എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി, അനുബന്ധ രേഖകളോടൊപ്പം കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ചാലുടൻ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2. **<u>റെഗുലേറ്റർ / റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പദ്ധതികൾ</u>**

ജലദൗർലഭ്യം തടയാനും, വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നത് ഒഴിവാക്കാനും, നദികളെ തന്നെ ജലസംഭരണികൾ ആക്കുന്നതിനും, കാർഷിക മേഖലയുടെ അഭിവൃദ്ധിയും, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും, ഉപ്പുവെള്ളം കയറി കൃഷിനാശം ഒഴിവാക്കുന്നതിനും കേരളത്തിലെ വിവിധ നദികളിലായി **13** റെഗുലേറ്റർ / റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 3 റെഗുലേറ്റർ നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഏകദേശം 11348.50 ഹെക്ടർ അയക്കട്ട് പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പാക്കാൻ സാധിക്കും. അവയുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

1. മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ കീഴമുറിക്കടവ് മോതിക്കയത്തിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.

2. കോഴിക്കോട് ജില്ലയിലെ കുറ്റിയാടി നദിയ്ക്ക് കുറുകെ പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.
3. എറണാകുളം ജില്ലയിലെ ഉദയംപേരൂർ പഞ്ചായത്തിലെ പുത്തൻകാവിൽ കൊണോത്തുപുഴ നദിയ്ക്ക് കുറുകെ ലോക്കോട് കൂടിയ റെഗുലേറ്ററിന്റെ നിർമ്മാണം.
4. കോഴിക്കോട് ജില്ലയിലെ കുരുവാട്ടൂർ ഗ്രാമപഞ്ചായത്തിലെ പൂളക്കടവിൽ പൂനൂർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.
5. തൃശ്ശൂർ ജില്ലയിലെ പുതുക്കാട് പഞ്ചായത്തിലെ കുണ്ടുകടവിൽ കുറുമാലി പുഴയ്ക്ക് കുറുകെ കാനാതോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.
6. കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ ചെക്കുപാലത്ത് ഉമ്മൻചിറ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം.
7. മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം പഞ്ചായത്തിലെ കാങ്കക്കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.
8. പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ പഞ്ചായത്തിലെ കാലടിക്കുന്ന് എൽ.ഐ.എസ്.ൽ തൂതപ്പുഴയുടെ ഡൗൺസ്ട്രീമിൽ റെഗുലേറ്റർ കം ഫുട്ബ്രിഡ്ജിന്റെ ഫുട് ബ്രിഡ്ജ് നിർമ്മാണം.
9. കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവിലെ കൂവേരി-കാട്ടാമ്പള്ളിയിലെ കുപ്പം നദിയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം.
10. തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം പൂർത്തീകരിച്ച റെഗുലേറ്റർ പദ്ധതികൾ
11. കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ പാറപ്രം അഞ്ചരക്കണ്ടി നദിയ്ക്ക് കുറുകെ ലോക്കോട് കൂടിയുള്ള റെഗുലേറ്റർ നിർമ്മാണം.
12. മലപ്പുറം ജില്ലയിൽ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴങ്കാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം.
13. പാലക്കാട് ജില്ലയിൽ പെരുവമ്പ ഗ്രാമപഞ്ചായത്തിലെ വടകരപ്പള്ളി പാലത്തുള്ളിയിലെ ചിറ്റൂർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം.

**പ്രസ്തുത റെഗുലേറ്ററുകൾ / റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കും.**

1. ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കും.
2. നിലവിലുള്ള ആയക്കട്ടിന്റെ സ്ഥിരത നിലനിർത്താനും കൂടുതൽ ആയകട്ട് പ്രദേശം സൃഷ്ടിക്കുവാനും സാധിക്കും.
3. ഓരുവെള്ളക്കയറ്റ നിയന്ത്രണം.
4. കേരള വാട്ടർ അതോറിറ്റി പമ്പിങ് സ്റ്റേഷനകളിലേക്ക് ജലലഭ്യത.
5. റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ജലസേചനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും നദിയുടെ ഇരുകരകളെയും റോഡ് മാർഗ്ഗം (റോഡ് കണക്റ്റിവിറ്റി) ബന്ധിപ്പിക്കുന്നതിനും സാധിക്കും.

3. **കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

പാലക്കാട് ജില്ലയിലെ കരടിപ്പാറ പ്രദേശത്ത് സംസ്ഥാന ഫണ്ട് ഉപയോഗിച്ചും, പാലക്കാട് ജില്ലയിലെ മൂങ്കിൽമട, വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി എന്നീ പ്രദേശങ്ങളിലും, വയനാട് ജില്ലയിലെ അത്തിച്ചാൽ – മുണ്ടൻകൊല്ലി പ്രദേശത്തും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ധനസഹായത്തോടെ ₹27.62 കോടി രൂപയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം 1292 ഏക്കർ പ്രദേശത്ത് സൂക്ഷ്മ ജലസേചനം ഉറപ്പാക്കുന്നു. ഏകദേശം 502 കർഷകരാണ് ഇതിന്റെ ഗുണഭോക്താക്കൾ.

ഇത് കൂടാതെ സംസ്ഥാനത്ത് കെ.എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പിലാക്കാൻ തീരുമാനിച്ച ഇടുക്കി ജില്ലയിലെ കാമാക്ഷി (₹3.23 കോടി രൂപ), വണ്ടന്മേട് (₹3.10 കോടി രൂപ), കോഴിക്കോട് ജില്ലയിലെ മുക്കം – കാഞ്ഞിരമുഴി (₹5.08 കോടി രൂപ), തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ (₹2.00 കോടി രൂപ), എറണാകുളം ജില്ലയിലെ തിരുമാറാടി (₹5.27 കോടി രൂപ), പത്തനംതിട്ട ജില്ലയിലെ സീതത്തോട് (₹2.85 കോടി രൂപ) തുടങ്ങിയ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാൻ കെ.ഐ.ഐ.ഡി.സി.യെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 132/2023/ജവിവ തീയതി 01.02.2023 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ പദ്ധതി പ്രവർത്തികൾ നടന്നുവരുകയാണ്. പ്രസ്തുത പദ്ധതികളിലൂടെ 568.45 ഏക്കർ അയക്കട്ട് പ്രദേശങ്ങളിൽ സൂക്ഷ്മ ജലസേചനം ഉറപ്പാക്കാൻ സാധിക്കും.

4. **കനാൽ നവീകരണ പദ്ധതികൾ**

ആലപ്പുഴയിലെ പ്രധാന കനാലുകളിലെയും ചെറു കനാലുകളിലേയും മാലിന്യം നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികളും കിഫ്ബി ഫണ്ടുപയോഗിച്ച് നടന്നു വരുന്നു. ഇതിൽ ആലപ്പുഴ കനാൽ നവീകരണത്തിന്റെ ഒന്നാം ഘട്ട പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ കനാൽ നവീകരണത്തിന്റെ രണ്ടാം ഘട്ട പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

5. **മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതി (കോരയാർ മുതൽ വരട്ടയാർ വരെ)**

പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിലെ കർഷകരുടെ ദീർഘകാല കാത്തിരിപ്പിന് വിരാമമിട്ട് മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുകയും, കോരയാർ മുതൽ വരട്ടയാർ വരെ നിലവിലുള്ള കനാലാണ് ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയിലൂടെ പാലക്കാട് ജില്ലയിലെ 20,440 ഹെക്ടർ മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരമാകും. ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രൊക്യൂർമെൻറ് ആൻഡ് കൺസ്ട്രക്ഷൻ) കോൺട്രാക്ട് വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

6. **ഡാം ഡീസിൽറ്റേഷൻ പദ്ധതി**

I. **ചുള്ളിയാർ ഡാം ഡിസിൽറ്റേഷൻ പദ്ധതി, പാലക്കാട്**

ജലവിഭവ വകുപ്പിന് കീഴിലുള്ള ചുള്ളിയാർ ഡാമിൽ നിന്ന് 11,33,610 ക്യൂബിക് മീറ്റർ മണലും ചെളിയും നീക്കം ചെയ്യാൻ കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്യുകയും, കുത്രാടൻസ് ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയുമായി കരാർ 18.05.2022–ന് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 11,33,610

ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹6,00,81,330.00 രൂപയുടെ വരുമാനവും ലഭിക്കും. നിലവിൽ ചുള്ളിയാർ ഡാം ഡിസിൽറ്റേഷൻ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്.

ii. **അരുവിക്കര ഡാം ഡിസിൽറ്റേഷൻ പദ്ധതി, തിരുവനന്തപുരം**

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്ന അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈ ലെവൽ എംപവെർഡ് കമ്മിറ്റി തീരുമാനിച്ചു. 12-ാം എംപവെർഡ് കമ്മിറ്റി പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. 10,24,586 ക്യൂബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്യുന്നത്. പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്യുകയും, ഡിവൈൻ ഷിപ്പിംഗ് സർവീസസ് എന്ന കമ്പനിയുമായി 17.10.2024-ന് കരാർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 10,24,586 ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹13.88 കോടി രൂപയുടെ വരുമാനവും, ഡാമിൽ ഏകദേശം 1 മില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാനും സാധിക്കും. അതുവഴി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള - ജലസേചന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെടാനും സഹായകമാകും. നിലവിൽ കരാർ കമ്പനി സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചു, പദ്ധതി പ്രവൃത്തികൾ ആരംഭിച്ചു.